ഫോറം നം. 4

(റൂൾ 11(3) കാണുക)

**വിജ്ഞാപനം**

കളക്ടറേറ്റ്, എറണാകുളം

സി 8-65887/16 തീയതി : 19.3.2019

കേരള സംസ്ഥാന സർക്കാരിന് ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജിൽ സ്ഥിതി ചെയ്യുന്ന കറുത്ത ജൂതപ്പള്ളി 1968 ലെ കേരളാ പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും ആക്റ്റിലെ ( 1969 ലെ 26) വ്യവസ്ഥകൾ പ്രകാരം ഒരു സംരക്ഷിതസ്മാരകമായി പ്രഖ്യാപിക്കേണ്ടതിലേക്കായി ആവശ്യമുണ്ടോ ആവശ്യമുണ്ടായേക്കാമെന്നോ ബോദ്ധ്യമായതിനാലും

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (കേന്ദ്ര ആക്റ്റ് 30,2013) 4-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ, താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ

ഇപ്പോൾ തൻമൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് കോട്ടയത്തിനെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ രണ്ടു മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും 6 മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

**പട്ടിക**

താലൂക്ക് - കൊച്ചി

ജില്ല - എറണാകുളം

വില്ലേജ് - മട്ടാഞ്ചേരി

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| ക്രമ നമ്പർ | റീസർവ്വെ നമ്പർ/ സബ് ഡിവിഷൻ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1 | 601/3 | പുരയിടം | 00.0351 |
| ആകെ | | | **00.0351** |

ജില്ലാകളക്ടർ ,എറണാകുളം

ടി7